# ‘ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട ഏകനാമം’

## അപ്പൊസ്തല പ്രവൃത്തികൾ 4:12

“നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവും ഇല്ല”

വേദപുസ്തകത്തിലെ മർമ്മ പ്രധാനമായ വാക്യങ്ങളിലൊന്നായ ഈ അത്ഭുത വാക്യം ലോകജനതയുടെ മുഴുവൻ രക്ഷയ്ക്കായി ദൈവം അരുളി ചെയ്തതാകുന്നു. ഒരു മനുഷ്യന്റെ ‘നാമം’ അഥവാ ‘പേര്’ വളരയധികം പ്രാധാന്യവും അർത്ഥവും ഒക്കെ കാണിക്കുന്നു.

ജന്മനാ മുടന്തനായ ഒരുവനെ പത്രോസും യോഹന്നാനും ‘കർത്താവായ യേശുവിന്റെ’ നാമത്തിൽ എഴുന്നേറ്റു നടക്കുവാൻ ശക്തീകരിച്ചു. ഇത് അന്നത്തെ യഹൂദ മതനേതാക്കന്മാർക്കും പരീശന്മാർക്കും ഒക്കെ അനിഷ്ടത്തിന് ഇടയാക്കി. അങ്ങനെ അവരെ ചോദ്യം ചെയ്യുമ്പോൾ പ്രിയ ശിഷ്യന്മാരുടെ പ്രതികരണമാണ് നാം ധ്യാനിക്കുന്ന ഇന്നത്തെ കുറിവാക്യം.

ഇന്ന് അത്ഭുതങ്ങൾ അനേകം നടക്കുന്നുണ്ട്. അതും വിവിധ നാമങ്ങളുടെ പശ്ചാത്തലത്തിലും പേരിലും കാണാം. എന്നാൽ കർത്താവായ യേശുവിന്റെ നാമത്തിൽ ആകുമ്പോൾ അവിടെ പ്രതിഷേധങ്ങൾ ഉയരുന്നു. കാരണം നാം വായിച്ചതുപോലെ രക്ഷിക്കുവാൻ ആകാശത്തിൻ കീഴിൽ വേറൊരു നാമം ഇല്ല. ‘രക്ഷ’ അത് ഓരോരുത്തനും അഭിമുഖീകരിക്കുന്ന പ്രശ്നത്തിൽ നിന്നു മാത്രമല്ല, അവനെ മുഴുവനായി രക്ഷിക്കാൻ യേശുവിനു മാത്രമേ സാധിക്കൂ. അതേ, ഈ രക്ഷ ഒരന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്കുള്ള മാറ്റമാകുന്നു. പാപത്തിന്റെ പിടിയിൽ നിന്ന് ദൈവമക്കൾ എന്ന അധികാരത്തിലേക്കുള്ള രൂപാന്തരമാകുന്നു. നിത്യ നരകത്തിൽ നിന്ന് നിത്യസ്വർഗ്ഗത്തിലേക്കുള്ള യാത്രയുടെ തുടക്കം ആകുന്നു. ഈ സത്യം പിശാചിനും അറിയാം. മറ്റൊരു ദൈവത്തിനും ഈ രക്ഷ നൽകാൻ കഴിയില്ല. അതുകൊണ്ടാകുന്നു എതിർപ്പുകളും തർക്കങ്ങളും ഉയരുന്നത്.

ഒരു രോഗം വരുമ്പോൾ ഏറ്റം പ്രശസ്തനായ ഡോക്ടറെ കാണാൻ ശ്രമിക്കും. നല്ല പേരുള്ള Hospital നാം തിരഞ്ഞെടുക്കും. അതുപോലെ സാധനങ്ങൾ വാങ്ങുമ്പോൾ Brand name നോക്കി എടുക്കും. കാരണം ഇതിന്റെയൊക്കെ ‘പേരിൽ’ നാം വിശ്വസ്തത പുലർത്തുന്നു. ഇതുതന്നെയാകുന്നു പ്രിയരേ രക്ഷിക്കപ്പെടുന്ന ഒരുവന്റെ ജീവിതത്തിലും നടക്കുന്നത്. മനുഷ്യനെ നിത്യമരണത്തിനു കൂട്ടിക്കൊണ്ടു പോകുന്ന പാപത്തിൽ നിന്നുള്ള

'രക്ഷ' യേശു എന്ന നാമത്തിനു മാത്രമേ തരാൻ കഴിയൂ. ഈ നാമത്തിലുള്ള വിശ്വാസം മൂലം പാപക്ഷമ അഥവാ പാപത്തിൽ നിന്നുള്ള ഏറ്റം വലിയ രക്ഷ ഒരുവനു ലഭിക്കുന്നു. പിന്നെ ദൈനംദിന ജീവിതത്തിൽ അവന്റെ മക്കൾക്കുവേണ്ടിയ എല്ലാ രക്ഷയും സുരക്ഷിതത്വവും ഇതോടെ ലഭിക്കുന്നു. യേശുവിന്റെ നാമത്തിൽ സന്തോഷം, സമാധാനം, സൗഖ്യം, ആശ്വാസം അങ്ങനെ എല്ലാം ഒരു ദൈവപൈതലിന് സ്വന്തമാകുന്നു. ആകാശത്തിനു കീഴെയുള്ള ഒരു ശക്തിക്കും, അധികാരത്തിനും ഒരുവനെ തീച്ചുളയിൽ നിന്നും, നരകത്തിൽ നിന്നും കരകയറ്റാൻ പറ്റില്ല. യേശു എന്ന നാമം അത് ശക്തമായ നാമം ആകുന്നു. അത്ഭുത നാമം ആണ്. ഉന്നതവും ശാശ്വതവും, സത്യവുമായ നാമം ആകുന്നു. പത്രോസും യോഹന്നാനും ലോകത്തിലെ അധികാരങ്ങളോടും, മതനേതാക്കളോടും ശക്തിയോടെ സാക്ഷീകരിച്ചതു നാം കണ്ടു. ദൈവമക്കളാകാനുള്ള വലിയ ഭാഗ്യം, വലിയ രക്ഷ ലഭിച്ചവരായ നമുക്കും പ്രിയ ശിഷ്യന്മാരെപ്പോലെ യേശുകർത്താവെന്ന നാമത്തെ മാത്രം ഉയർത്തി കാണിച്ചുകൊണ്ട് ജീവിക്കാം. അതിനായി നമ്മെ അവന്റെ ആത്മാവ് ശക്തീകരിക്കട്ടെന്നു. പ്രാർത്ഥിക്കാം.

പരാമർശം :

എഫെസ്യർ 2:8-9

കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിന്നും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല..

സിസ്റ്റർ ബിന്ദു റെജി അയ്മനം 100